**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **19-09-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെയും ജീവനക്കാരുടെയും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11, കെഇആർ അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജർ ആണ് നടത്തുന്നത്. കെഇആർ അധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. ചട്ടപ്രകാരമുള്ളതും വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതുമായ എല്ലാം നിയമനങ്ങളും വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ചുവരുന്നു. കൂടാതെ അദാലത്തുകൾ സംഘടിപ്പിച്ചും നിയമന അംഗീകാര നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകുവാൻ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | DEO TIRURANGADI-229<br>DEO TIRUR-130<br>DEO MALAPPURAM-217<br>DEO WANDOOR-183<br>AEO TIRUR-189<br>AEO PERINTHALMANNA-113<br>AEO PONNANI-64<br>AEO KUTTIPPURAM-155<br>AEO EDAPPAL-67<br>AEO MELATTUR-92<br>AEO MALAPPURAM-250<br>AEO NILAMBUR-140<br>AEO MANKADA-170<br>AEO AREACODE-83<br>AEO WANDOOR-74<br>AEO MANJERI-153<br>AEO KIZHISSERI-137<br>AEO TANUR-167 |

| | | | |
|---|---|---|---|
| | | | AEO KONDOTTY-174<br>AEO VENGARA-170<br>AEO PARAPPANANGADI -143 |
| (സി) | സർക്കാർ ഉത്തരവുകളും ഡി.ജി.ഇ. സർക്കുലറുകളും ഉണ്ടായിട്ടും ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിയമന അംഗീകാര ഫയലുകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുന്നതായും തീർപ്പ കൽപ്പിക്കാതെ കാലതാമസം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കർശന നിർദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ അദാലത്തുകൾ സംഘടിപ്പിച്ചും നിയമന അംഗീകാര നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഫയലുകൾ നിരസിക്കുന്ന പ്രവണത ഒഴിവാക്കുവാൻ ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദേശം നൽകുന്നതോടൊപ്പം വേണ്ടത്ര പരിചയമില്ലാത്തവർക്ക് പ്രത്യേക പരിശീലനം നൽകുവാനും നടപടി സ്വീകരിക്കുമോ; | (ഡി) | ഫയലുകളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു തീർപ്പ് കല്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ട്രെയിനിങ്ങ് ആവശ്യമുള്ളവർക്ക് നൽകുന്നുണ്ട്. |
| (ഇ) | ജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ദിവസവേതന/സ്ഥിരം നിയമനങ്ങൾക്ക് എത്രയും വേഗം അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇത് സംബന്ധിച്ച് ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ